| 02-06-2022 | പ്രഭാത മുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - സത്യമായ ബാബ നിങ്ങളെ എല്ലാം സത്യമാണ് കേൾപ്പിക്കുന്നത്, ഇങ്ങനെയുള്ള സത്യമായ ബാബയോട് സദാ സത്യമായി കഴിയണം, ഉള്ളിൽ യാതൊരു കാപട്യമോ അസത്യമോ വയ്ക്കരുത്**

**ചോദ്യം:-** സംഗമയുഗത്തിൽ നിങ്ങൾ കുട്ടികൾക്ക് ഏത് വ്യത്യാസത്തെ നല്ല രീതിയിൽ അറിയാം?
**ഉത്തരം:-** ബ്രാഹ്മണർ എന്താണ് ചെയ്യുന്നത് ശൂദ്രർ എന്താണ് ചെയ്യുന്നത്, ജ്ഞാനമാർഗ്ഗം എന്താണ് ഭക്തി മാർഗ്ഗം എന്താണ്, ആ ഭൗതീക സൈന്യത്തിനായുള്ള യുദ്ധ മൈതാനം ഏതാണ് നമ്മുടെ യുദ്ധ മൈതാനം ഏതാണ് - ഈ എല്ലാ വ്യത്യാസങ്ങളും നിങ്ങൾ കുട്ടികൾക്ക് മാത്രമാണറിയുന്നത്. സത്യയുഗത്തിലോ കലിയുഗത്തിലോ ഈ അന്തരത്തെ ആരും അറിയുന്നില്ല.

**ഗീതം:-** മാതാ ഓ മാതാ.....

**ഓം ശാന്തി.** ഏതുപോലെയാണോ പരംപിതാ പരമാത്മാ ശിവന് മഹിമയുള്ളത് അതുപോലെ ഇതാണ് ഭാരത മാതാക്കളുടെ മഹിമ. കേവലം ഒരു മാതാവിന്റെ മഹിമയല്ല. തീർച്ചയായും സൈന്യം തന്നെ ആവശ്യമാണ്. സൈന്യമില്ലാതെ എങ്ങനെ കാര്യം നടക്കും. ശിവബാബ ഏകനാണ്. ആ ഒരാളില്ലെങ്കിൽ മാതാക്കളുമില്ല. കുട്ടികളുമില്ല, ബ്രഹ്മാകുമാരൻമാരും, കുമാരികളുമില്ല. ഭൂരിപക്ഷം മാതാക്കളുടേതാണ്, അതുകൊണ്ടാണ് മാതാക്കളുടെ മഹിമ നൽകിയിരിക്കുന്നത്. ഭാരത മാതാക്കൾ ശിവശക്തി സൈനികരും അഹിംസകരുമാണ്. ഒരു പ്രകാരത്തിലുള്ള ഹിംസയും ചെയ്യുന്നില്ല. ഹിംസ രണ്ട് പ്രകാരത്തിലുണ്ട്. ഒന്നാണ് കാമ വികാരം പ്രവർത്തിക്കുക, രണ്ടാമതാണ് വെടിവയ്ക്കുക, ക്രോധിക്കുക, അടിക്കുക മുതലായവ. ഈ സമയം ഏതെല്ലാം ഭൗതീക സൈന്യങ്ങളുണ്ടോ, അവർ രണ്ട് ഹിംസകളും ചെയ്യുന്നു. ഇന്ന് വെടി വയ്ക്കാനെല്ലാം മാതാക്കളെയും പഠിപ്പിക്കുന്നുണ്ട്. അത് ഭൗതീക സൈന്യത്തിലെ മാതാക്കളാണ് ഇതാണ് ആത്മീയ സൈന്യത്തിലെ ദൈവീക സമ്പ്രദായികളായ മാതാക്കൾ. അവർ ഏന്തെല്ലാം അഭ്യാസങ്ങളാണ് പഠിക്കുന്നത്. നിങ്ങൾ ഒരു പക്ഷേ ഒരിക്കലും മൈതാനത്തിൽ പോലും പോയിട്ടുണ്ടായിരിക്കില്ല. അവർ വളരെയധികം അധ്വാനിക്കുന്നുണ്ട്. കാമവികാരത്തിലേക്കും പോകുന്നുണ്ട്, വിവാഹം കഴിക്കാത്തവരായി വളരെ വിരളം പേരേ ഉണ്ടായിരിക്കൂ. ആ സൈന്യത്തിലും ധാരാളം പഠിച്ചുകൊണ്ടിരിക്കുന്നുണ്ട്. ചെറിയ-ചെറിയ കുട്ടികളെ പോലും പഠിപ്പിക്കുന്നുണ്ട്. അതും സൈന്യമാണ് ഇതും സൈന്യമാണ്. സൈന്യത്തെക്കുറിച്ച് ഗീതയിൽ നല്ല രീതിയിൽ വിസ്തരിച്ച് തന്നെ എഴുതിയിട്ടുണ്ട്. എന്നാൽ പ്രയോഗത്തിൽ എന്താണ് - ഇത് നിങ്ങൾക്ക് മാത്രമേ അറിയൂ, നമ്മൾ എത്ര ഗുപ്തമാണ്. ശിവ ശക്തി സൈന്യം എന്താണ് ചെയ്യുന്നത്? വിശ്വത്തിന്റെ അധികാരിയാകുന്നതെങ്ങനെയാണ്? ഇതിനെ യുദ്ധ സ്ഥലമെന്നാണ് പറയുന്നത്. നിങ്ങളുടെ യുദ്ധ മൈതാനവും ഗുപ്തമാണ്. മൈതാനമെന്ന് ഈ ഭൂമിയെയാണ് പറയുന്നത്. മുൻപ് മാതാക്കൾ യുദ്ധ മൈതാനത്തിലേക്ക് പോയിരുന്നില്ല. ഇപ്പോൾ ഇവിടെ പൂർണ്ണമായ താരതമ്യമുണ്ടാകുന്നു. രണ്ട് സൈന്യത്തിലും മാതാക്കളുണ്ട്. അവരുടെ സൈന്യത്തിൽ ഭൂരിപക്ഷം പുരുഷൻമാരുടേതാണ്, ഇവിടെ ഭൂരിപക്ഷം മാതാക്കളുടേതാണ്. വ്യത്യാസമല്ലേ. ജ്ഞാന മാർഗ്ഗവത്തിന്റെയും ഭക്തി മാർഗ്ഗത്തിന്റെയും. ഇതാണ് അന്തിമ വ്യത്യാസം. സത്യയുഗത്തിൽ അന്തരത്തിന്റെ കാര്യം ഉണ്ടായിരിക്കില്ല. ബാബ വന്ന് അന്തരം പറഞ്ഞ് തരുന്നു. ബ്രാഹ്മണർ എന്താണ് ചെയ്യുന്നത് ശൂദ്രർ എന്താണ് ചെയ്യുന്നത്? രണ്ട് പേരും ഇവിടെ യുദ്ധ മൈതാനത്തിലുണ്ട്. സത്യയുഗത്തിന്റെയോ കലിയുഗത്തിന്റെയോ കാര്യമല്ല. ഇത് സംഗമയുഗത്തിന്റെ കാര്യമാണ്. നിങ്ങൾ പാണ്ഡവർ സംഗമയുഗികളാണ്. കൗരവരാണ് കലിയുഗി. അവർ കലിയുഗത്തിന്റെ സമയം വളരെ ദീർഘിപ്പിച്ചിരിക്കുന്നു. ആ കാരണത്താൽ അവർക്ക് സംഗമത്തെക്കുറിച്ചുള്ള അറിവേയില്ല. പതുക്കെ-പതുക്കെ ഈ ജ്ഞാനവും നിങ്ങളിലൂടെ മനസ്സിലാക്കും. അപ്പോൾ ഒരു മാതാവിന്റെ മഹിമയല്ല. ഇതാണ് ശക്തി സേന. ഉയർന്നതിലും ഉയർന്നത് ഒരു ഭഗവാനാണ്, നിങ്ങൾ കൽപം മുൻപത്തെ അതേ സൈന്യമാണ്. ഈ ഭാരതത്തെ ദൈവീക രാജാക്കൻമാരുടെ ഭൂമിയാക്കുക, ഇത് നിങ്ങളുടെ തന്നെ കർത്തവ്യമാണ്.

നിങ്ങൾക്കറിയാം ആദ്യം നമ്മൾ സൂര്യവംശിയായിരുന്നു പിന്നീട് ചന്ദ്രവംശിയും വൈശ്യ വംശിയുമായി, എന്നാൽ സൂര്യവംശിയെ മാത്രമേ മഹിമ ചെയ്യൂ. നമ്മൾ പുരുഷാർത്ഥവും ചെയ്യുന്നത് ആദ്യ സൂര്യവംശി യാകുന്നതിന് അർത്ഥം സ്വർഗ്ഗത്തിലേക്ക് വരുന്നതിന് വേണ്ടിയാണ്. സത്യയുഗത്തെയാണ് സ്വർഗ്ഗമെന്ന് പറയുന്നത്. ത്രേതായെ വാസ്തവത്തിൽ സ്വർഗ്ഗമെന്ന് പറയില്ല. ഇന്നയാൾ സ്വർഗ്ഗം പൂകിയെന്ന് പറയാറുണ്ട്. അല്ലാതെ ഇന്നയാൾ ത്രേതായിലെ രാമ-സീതയുടെ രാജ്യത്തിലേക്ക് പോയെന്ന് പറയാറില്ല.

വൈകുണ്ഢത്തിൽ കൃഷ്ണന്റെ രാജ്യമായിരുന്നുവെന്ന് ഭാരതവാസിക്കറിയാം. എന്നാൽ കൃഷ്ണനെ ദ്വാപരത്തിലേക്ക് കൊണ്ട് പോയിരിക്കുന്നു. മനുഷ്യർക്ക് സത്യത്തെക്കുറിച്ചുള്ള അറിവേയില്ല. സത്യം പറയുന്ന സത്ഗുരുവിനെ അവർക്ക് ലഭിച്ചിട്ടില്ല, നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു. ബാബ എല്ലാം സത്യമാണ് പറയുന്നത് അങ്ങനെ സത്യമാക്കി മാറ്റുന്നു. കുട്ടികളോട് പറയുന്നു, കുട്ടികളേ നിങ്ങളൊരിക്കലും കപടമോ അസത്യമോ ചെയ്യരുത്. നിങ്ങളുടെ ഒന്നും തന്നെ മറഞ്ഞിരിക്കില്ല, ആര് ഏതുപോലെയുള്ള കർമ്മം ചെയ്യുന്നോ, അതനുസരിച്ച് നേടുന്നു. ബാബ നല്ല കർമ്മം പഠിപ്പിക്കുന്നു. ഈശ്വരന്റെയടുത്ത് ആരുടെയും വികർമ്മം മറക്കാൻ സാധിക്കില്ല. വികർമ്മങ്ങളുടെ ഫലവും കടുത്തതാണ്. നിങ്ങളുടേത് ഇത് അന്തിമ ജന്മമാണെങ്കിലും ശിക്ഷ അനുഭവിക്കേണ്ടി തന്നെ വരും കാരണം അനേക ജന്മങ്ങളുടെ കണക്കുകൾ തീർപ്പാകണം. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് കാശീ കൽവട്ട് നടത്തുമ്പോൾ ഏതുവരെ പ്രാണൻ പോകുന്നില്ലയോ അത് വരെ അനുഭവിക്കേണ്ടിവരും. വളരെയധികം കഷ്ടം സഹിക്കേണ്ടി വരുന്നു. കർമ്മഭോഗുകളിൽ ഒന്നാണ് രോഗം മുതായവ, രണ്ടാമത്തേതാണ് വികർമ്മങ്ങൾക്കുള്ള ശിക്ഷ. ആ സമയം ഒന്നും പറയാൻ സാധിക്കില്ല. നിലവിളിച്ചുകൊണ്ടിരിക്കും. അയ്യോ-അയ്യോ എന്ന് പറയും. പാപാത്മാക്കൾക്ക് ഇവിടെയും ശിക്ഷ ലഭിക്കുന്നു അവിടെയും ശിക്ഷ ലഭിക്കുന്നു. സത്യയുഗത്തിൽ പാപം സംഭവിക്കുന്നില്ല. കോടതിയില്ല, *ജഡ്ജിയില്ല*, ഗർഭ ജയിലിലെ ശിക്ഷയുമില്ല. കാണിക്കുന്നുമുണ്ട് ആലിലയിൽ കൃഷ്ണൻ പെരുവിരൽ കുടിച്ചുകൊണ്ട് വന്നു. അത് ഗർഭ കൊട്ടാരത്തിന്റെ കാര്യമാണ്. സത്യയുഗത്തിൽ കുട്ടികൾ വളരെ സുഖകരമായാണ് ജന്മമെടുക്കുന്നത്. ആദി-മദ്ധ്യ-അന്ത്യം സുഖം തന്നെ സുഖമാണ്. ഈ ലോകത്തിൽ ആദി- മദ്ധ്യ-അന്ത്യം ദുഃഖം തന്നെ ദുഃഖമാണ്. ഇപ്പോൾ നിങ്ങൾ സുഖത്തിന്റെ ലോത്തിലേക്ക് പോകുന്നതിന് വേണ്ടി പഠിച്ചുകൊണ്ടിരിക്കുന്നു. ഈ ഗുപ്ത സൈന്യം വൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കും. ആര് എത്രത്തോളം വഴി പറഞ്ഞ് കൊടുക്കുന്നോ, അവർ ഉയർന്ന പദവി നേടും. ഓർമ്മയുടെ യാത്രയുടെ പരിശ്രമം നടത്തണം. പരിധിയില്ലാത്ത ഏതൊരു സമ്പത്താണോ ലഭിച്ചിരുന്നത് അതിപ്പോൾ നഷ്ടപ്പെടുത്തിയിരിക്കുന്നു. ഇപ്പോൾ വീണ്ടും നേടിക്കൊണ്ടിരിക്കുന്നു. ലൗകിക പിതാവിനെയും പാരലൗകിക പിതാവിനെയും രണ്ട് പേരെയും ഓർമ്മിക്കാറുണ്ട്. സത്യയുത്തിൽ ഒരു ലൗകിക പിതാവിനെയാണ് ഓർമ്മിക്കുന്നത്, പാരലൗകിക പിതാവിനെ ഓർമ്മിക്കേണ്ട ആവശ്യം തന്നെയില്ല. അവിടെ സുഖം തന്നെ സുഖമാണ്. ഈ ജ്ഞാനവും ഭാരതവാസികൾക്കുള്ളതാണ്, മറ്റു ധർമ്മത്തിലുള്ളവർക്കല്ല. എന്നാൽ ആര് മറ്റ് ധർമ്മങ്ങളിലേക്ക് മാറി പോയിട്ടുണ്ടോ അവർ തിരിച്ച് വരും. വന്ന് യോഗം പഠിക്കും. യോഗത്തെക്കുറിച്ച് മനസ്സിലാക്കി കൊടുക്കുന്നതിന് നിങ്ങൾക്ക് ക്ഷണം ലഭിക്കുകയാണെങ്കിൽ തയ്യാറെടുപ്പ് നടത്തണം. മനസ്സിലാക്കി കൊടുക്കണം എന്താ നിങ്ങൾ ഭാരതത്തിന്റെ പ്രാചീന യോഗം മറന്ന് പോയോ? ഭഗവാൻ പറയുന്നു മൻമനാഭവ. പരംപിതാ പരമാത്മാവ് നിരാകാരീ കുട്ടികളോട് പറയുന്നു എന്നെ ഓർക്കൂ എങ്കിൽ നിങ്ങൾ എന്റെയടുത്തെത്തും. നിങ്ങൾ ആത്മാക്കൾ ഈ അവയവങ്ങളിലൂടെ കേൾക്കുന്നു. ഞാൻ ആത്മാവ് ഈ അവയവങ്ങളുടെ ആധാരത്തിലൂടെ കേൾപ്പിക്കുന്നു. ഞാൻ എല്ലാവരുടെയും പിതാവാണ്. എന്റെ മഹിമ എല്ലാവരും പാടാറുണ്ട് സർവ്വശക്തിമാൻ, ജ്ഞാനത്തിന്റെ സാഗരൻ, സുഖത്തന്റെ സാഗരൻ അങ്ങനെയങ്ങനെ. ഈ *ടോപ്പിക്കും* വളരെ നല്ലതാണ്. ശിവ പരമാത്മാവിന്റെ മഹിമയും കൃഷ്ണന്റെ മഹിമയും പറഞ്ഞ് കൊടുക്കൂ. ഇനി തീരുമാനിക്കൂ ഗീതയുടെ ഭഗവാൻ ആരാണ്? ഇത് *പവർഫുൾ ടോപ്പിക്കാണ്.* ഇതിൽ നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കണം. പറയൂ, ഞങ്ങൾ കൂടുതൽ സമയമെടുക്കില്ല. ഒരു *മിനിറ്റ്* നൽകിയാലും ശരി. ഭഗവാനുവാചാ മൻമനാഭവ, എന്നെ മാത്രം ഓർമ്മിക്കൂ എങ്കിൽ സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കും. ഇതാരാണ് പറഞ്ഞത്? നിരാകാരനായ പരമാത്മാവ് ബ്രഹ്മാ ശരീരത്തിലൂടെ കുട്ടികളോട് പറഞ്ഞു, ഇവരെ തന്നെയാണ് പാണ്ഢവ സൈന്യമെന്നും പറയുന്നത്. ആത്മീയ യാത്രക്ക് കൊണ്ട് പോകുന്നതിന് നിങ്ങൾ വഴികാട്ടികളാണ്. ബാബ പ്രബന്ധം നൽകുന്നു. അത് പിന്നീടെങ്ങനെ സംശുദ്ധീകരിച്ച് മനസ്സിലാക്കി കൊടുക്കും, അതിനെക്കുറിച്ച് കുട്ടികൾക്ക് ചിന്തിക്കണം. ബാബയെ ഓർമ്മിക്കുന്നതിലൂടെ മാത്രമാണ് മുക്തിയുടെയും-ജീവൻമുക്തിയുടെയും സമ്പത്ത് ലഭിക്കുന്നത്. ഞങ്ങൾ ബ്രഹ്മാ കുമാരൻമാരും കുമാരികളുമാണ്. വാസ്തവത്തിൽ നിങ്ങളുമാണ് എന്നാൽ നിങ്ങൾ ബാബയെ തരിച്ചരിയുന്നില്ല. നിങ്ങൾ കുട്ടികൾ ഇപ്പോൾ പരംപിതാ പരമാത്മാവിലൂടെ ദേവതയായിക്കൊണ്ടിരിക്കുന്നു. ഭാരതത്തിൽ ലക്ഷ്മീ- നാരായണന്റെ രാജ്യമായിരുന്നു. ചെറിയ-ചെറിയ കുട്ടികൾ ഉറച്ച ശബ്ദത്തോടെ വലിയ-വലിയ സഭകളിൽ മനസ്സിലാക്കി കൊടുക്കുകയാണെങ്കിൽ എത്ര പ്രഭാവമുണ്ടാകും. ജ്ഞാനം ഇവരിലാണുള്ളതെന്ന് മനസ്സിലാക്കും. ഭഗവാനിലേക്കുള്ള വഴി ഇവർ പറഞ്ഞു തരുന്നുണ്ട്. അല്ലയോ ആത്മാക്കളേ എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ വികർമ്മം നശിക്കുമെന്ന് നിരാകാരനായ പരമാത്മാവ് മാത്രമാണ് പറയുന്നത്. ഗംഗാ സ്നാനവും തീർത്ഥയാത്രയുമെല്ലാം ജന്മ-ജന്മാന്തരം ചെയ്ത്-ചെയ്ത് പതിതമായി മാത്രമാണ് വന്നത്. ഭാരതത്തിന്റെ തന്നെ ഉയരുന്ന കലയും, താഴുന്ന കലയുമാണുള്ളത്. ബാബ രാജയോഗം പഠിപ്പിച്ച് ഉയരുന്ന കല അർത്ഥം സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നു പിന്നീട് മായാ രാവണൻ നരകത്തിന്റെ അധികാരിയാക്കുന്നു അപ്പോൾ ഇറങ്ങുന്ന

കലയെന്നല്ലേ പറയുക. ഓരോ ജന്മത്തിലും അൽപാൽപം ഇറങ്ങുന്ന കല സംഭവിക്കുന്നു. ജ്ഞാനമാണ് ഉയരുന്ന കല. ഭക്തിയാണ് ഇറങ്ങുന്ന കല. ഭക്തിക്ക് ശേഷം ഭഗവാനെ ലഭിക്കുമെന്ന് പറയാറുണ്ട്. എങ്കിൽ ഭഗവാൻ തന്നെയല്ലേ ജ്ഞാനം നൽകുക. ഭഗവാൻ തന്നെയാണ് ജ്ഞാനത്തിന്റെ സാഗരൻ. ജ്ഞാനാഞ്ചനം സദ്ഗുരു നൽകി, അജ്ഞാനാന്ധകാരം നശിച്ചു. സത്ഗുരു ഒരേഒരു പരംപിതാ പരമാത്മാവ് മാത്രമാണ്. മഹിമ സത്ഗുരുവിന്റേതാണ് അല്ലാതെ ഗുരുവിന്റേതല്ല. ഗുരുക്കൻമാർ ധാരാളമുണ്ട്. സത്ഗുരു ഒരാൾ മാത്രമാണ്. സദ്ഗതി ദാതാവും, പതിത-പാവനനും, *ലിബറേറ്ററും* ബാബ തന്നെയാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾ ഭഗവാനുവാചാ കേൾക്കുന്നു. എന്നെ മാത്രം ഓർമ്മിക്കുന്നതിലൂടെ നിങ്ങൾ ആത്മാക്കൾ ശാന്തിധാമത്തിലേക്ക് എത്തിച്ചേരും. അതാണ് ശാന്തിധാമം, അടുത്തതാണ് സുഖധാമം, ഇതാണ് ദുഃഖധാമം. എന്താ ഇതുപോലും മനസ്സിലാകുന്നില്ലേ! ബാബ തന്നെയാണ് വന്ന് പതിത ലോകത്തെ പാവന ലോകമാക്കുന്നത്.

നിങ്ങൾക്കറിയാം പരിധിയില്ലാത്ത സുഖം നൽകുന്നത് പരിധിയില്ലാത്ത ബാബ മാത്രമാണ്. പരിധിയില്ലാത്ത ദുഃഖം നൽകുന്നത് രാവണനാണ്. അതാണ് വലിയ ശത്രു. രാവണ രാജ്യത്തെ എന്തുകൊണ്ടാണ് പതിത ലോകമെന്ന് പറയുന്നത്, ഇതും ആർക്കും അറിയില്ല. ഇപ്പോൾ ബാബ മുഴുവൻ രഹസ്യവും നമുക്ക് മനസ്സിലാക്കി തന്നിരിക്കുന്നു. ഓരോരുത്തരിലും 5-5 വികാരങ്ങൾ പ്രവേശിച്ചിരിക്കുന്നു, അതുകൊണ്ടാണ് 10 തലയുള്ള രാവണനെ ഉണ്ടാക്കുന്നത്. ഈ കാര്യം വിദ്വാനോ, പണ്ഢിതനോ പോലും അറിയില്ല. ഇപ്പോൾ ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് രാവണ രാജ്യം എപ്പോൾ മുതൽ ഏതുവരെയാണ് നടക്കുന്നത്. ഇത് പരിധിയില്ലാത്ത ചരിത്രവും ഭൂമിശാസ്ത്രവുമാണ് മനസ്സിലാക്കി തരുന്നത്. രാവണനാണ് ഭാരതത്തിന്റെ പരിധിയില്ലാത്ത ശത്രു. എത്ര ദുർഗതിയാണ് വരുത്തിത്. ഭാരതം തന്നെയാണ് സ്വർഗ്ഗമായിരുന്നത് അത് മറന്നിരിക്കുന്നു.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ബാബയുടെ ശ്രീമതം ലഭിക്കുന്നു കുട്ടികളേ ബാബയെ ഓർമ്മിക്കൂ. അള്ളാഹുവും സമ്പത്തും. പരംപിതാ പരമാത്മാവ് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നു. രാവണൻ പിന്നീട് നരകത്തിന്റെ സ്ഥാപനയും ചെയ്യുന്നു. നിങ്ങൾക്ക് സ്വർഗ്ഗം സ്ഥാപിക്കുന്ന ബാബയെയാണ് ഓർമ്മിക്കേണ്ടത്. ഗൃഹസ്ഥ വ്യവഹാരത്തിൽ തന്നെ കഴിയൂ, വിവാഹങ്ങൾക്കെല്ലാം പോകൂ. എപ്പോൾ സമയം ലഭിക്കുന്നോ അപ്പോൾ ബാബയെ ഓർമ്മിക്കൂ. ശരീര നിർവ്വഹാർത്ഥം കർമ്മം ചെയ്തുകൊണ്ടും ആരോടൊപ്പമാണോ നിങ്ങളുടെ വിവാഹ നിശ്ചയം നടന്നിരിക്കുന്നത്, അവരെ ഓർമ്മിക്കണം. ഏതുവരെ വരന്റെ വീട്ടിലെത്തുന്നോ അതുവരെ നിങ്ങൾ എല്ലാ കർത്തവ്യങ്ങളും തന്നെ ചെയ്തോളൂ, എന്നാൽ ബുദ്ധിയിൽ നിന്ന് ബാബയെ മറക്കരുത്. ശരി-

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യ സാരം -

1) ശിക്ഷകളിൽ നിന്ന് മുക്തമാകുന്നതിന് വേണ്ടി തന്റെ എല്ലാ കണക്കുകളും തീർപ്പാക്കണം. സത്യമായ ബാബയിൽ നിന്ന് ഒന്നും തന്നെ മറക്കരുത്. അസത്യ കാപട്യത്തിന്റെ ത്യാഗം ചെയ്യണം. ഓർമ്മയുടെ യാത്രയിൽ കഴിയണം.

2) ഏതുപോലെയാണോ ബാബ അപകാരികളിലും ഉപകാരം ചെയ്യുന്നത് അതുപോലെ എല്ലാവരിലും ഉപകാരം ചെയ്യണം. എല്ലാവർക്കും ബാബയുടെ സത്യമായ പരിചയം നൽകണം.

## വരദാനം:- ഈശ്വരീയ സംസ്ക്കാരങ്ങളെ കാര്യത്തിൽ ഉപയോഗിച്ച് സഫലമാക്കുന്ന സഫലതാ മൂർത്തിയായി ഭവിക്കൂ

ഏത് കുട്ടികളാണോ തന്റെ ഈശ്വരീയ സംസ്ക്കാരങ്ങളെ കാര്യത്തിൽ ഉപയോഗിക്കുന്നത് അവരുടെ വ്യർത്ഥ സങ്കൽപം സ്വതവേ ഇല്ലാതാകുന്നു. സഫലമാക്കുക അർത്ഥം സംരക്ഷിക്കുക അല്ലെങ്കിൽ വർദ്ധിപ്പിക്കുക. പഴയ സംസ്ക്കാരങ്ങൾ തന്നെ ഉപയോഗിച്ചുകൊണ്ടേയിരിക്കുക ഈശ്വരീയ സംസ്ക്കാരങ്ങളെ ബുദ്ധിയുടെ ലോക്കറിൽ വയ്ക്കുക അങ്ങനെയാകരുത്, ഏതുപോലെയാണോ

പലർക്കും ശീലമുള്ളത് നല്ല വസ്തുക്കൾ അല്ലെങ്കിൽ പണം ബാങ്ക് അല്ലെങ്കിൽ അലമാരികളിൽ വയ്ക്കുന്നതിന്റെ, പഴയ വസ്തുക്കളോടാണ് സ്നേഹം, അത് തന്നെ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ അങ്ങനെ ചെയ്യരുത്, ഇവിടെ മനസ്സാ, വാചാ, ശക്തിശാലി വൃത്തിയിലൂടെ തന്റേതെല്ലാം സഫലമാക്കൂ അപ്പോൾ സഫലതാമൂർത്തിയാകും.

**സ്ലോഗൻ:- "ബാബയും ഞാനും" ഈ ഛത്രഛായ കൂടെയുണ്ടെങ്കിൽ ഒരു വിഘ്നത്തിനും നിൽക്കാനാകില്ല.**

**എല്ലാ ബ്രാഹ്മണ കുട്ടികൾക്കുമുള്ള വിശേഷ അറ്റൻഷൻ - പരമാത്മാ മഹാവാക്യം**

ഒരു ബലം ഒരു വിശ്വാസം അർത്ഥം സദാ നിശ്ചയമുണ്ടായിരിക്കണം ഏതൊന്നാണോ സാകാര മുരളി, ആ മുരളി തന്നെയാണ് മധുബനിൽ നിന്ന് ലഭിക്കുന്ന ശ്രീമതം അത് തന്നെയാണ് ശ്രീമതം, ബാബയെ മധുബനിലല്ലാതെ മറ്റെവിടെയും ലഭിക്കുകയില്ല. സദാ ഒരു ബാബയുടെ പഠനത്തിൽ നിശ്ചയമുണ്ടായിരിക്കണം. മധുബനിൽ നിന്ന് പഠിത്തത്തിനായുള്ള ഏതൊരു പാഠമാണോ വരുന്നത് അത് തന്നെയാണ് പഠനം, രണ്ടാമതായൊരു പഠനമില്ല. അഥവാ മറ്റെവിടെയെങ്കിലും പ്രസാദമർപ്പിക്കുമ്പോൾ സന്ദേശിയിലൂടെ ബാബയുടെ പാർട്ട് നടക്കുന്നുണ്ടെങ്കിൽ അത് തീർത്തും തെറ്റാണ്, ഇതും മായയാണ്, ഇതിനെ ഒരു ബലം ഒരു വിശ്വാസം എന്ന് പറയില്ല. മധുബനിൽ നിന്ന് ഏതൊരു മുരളിയാണോ വരുന്നത് അതിൽ ശ്രദ്ധ നൽകൂ അല്ലെങ്കിൽ മറ്റു വഴികളിലേക്ക് പോകും. മധുബനിൽ മാത്രമാണ് ബാബയുടെ മുരളി നടക്കുന്നത്, മധുബനിൽ മാത്രമാണ് ബാബ വരുന്നത് അതുകൊണ്ട് ഓരോ കുട്ടിയും ഈ ജാഗ്രത വയ്ക്കണം, അല്ലെങ്കിൽ മായ ചതിവ് നൽകും.